## പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1168** **30.01.2018-ൽ മറുപടിക്ക്**

## കണ്ടന്നൂർ മേൽപ്പാല നിർമ്മാണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. സ്വരാജ് | | ശ്രീ.ജി.സുധാകരൻ (പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ കണ്ടന്നൂരിൽ നിർമ്മിക്കുന്ന മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതി അറിയിക്കുമോ; | (എ) | തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ കണ്ടന്നൂരിൽ നിർമ്മിക്കുന്ന മേലപ്പാലത്തിന് കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിച്ചിട്ടുണ്ട്. ആർ.ബി.ഡി.സി.കെ-യെ പ്രസ്തുത പദ്ധതിയുടെ എസ്.പി.വി ആയി നിയമിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്ക് ആർ.ബി.ഡി.സി.കെ സാങ്കേതികാനുമതി നൽകുകയും മേൽപ്പാലത്തിന്റെ നിർമ്മാണത്തിനായി 80.98 കോടി രൂപയുടെ എസ്റ്റിമേറ്റ് തുകക്ക് 24.10.2017-ന് ടെണ്ടർ വിളിക്കുകയും ചെയ്തു. ആറു കരാറുകാർ സമർപ്പിച്ച ടെണ്ടറുകളിൽ, ഏറ്റവും കുറഞ്ഞ തുകയ്ക്ക് Quote ചെയ്ത മേരിമാതാ കൺസ്ട്രക്ഷൻ കമ്പനിക്ക് 15.01.2018-ന് Letter of Acceptance നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഈ നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | കണ്ടന്നൂർ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (സി) | എങ്കിൽ നിർമ്മാണം എന്നത്തേക്ക് പൂർത്തീകരിക്കുമെന്ന് അറിയിക്കുമോ? | (സി) | മേൽപ്പാലത്തിന്റെ നിർമ്മാണം എഗ്രിമെന്റ് വച്ച് കരാർ കാലാവധിയായ 24 മാസത്തിനകം പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. കണ്ടന്നൂർ, വൈറ്റില ഫ്ലൈഓവറുകൾ 203 കോടി രൂപ ബഡ്ജറ്റിൽ വെച്ചിട്ടുണ്ട്. ഇപ്പോൾ രണ്ടും ടെണ്ടർ കഴിഞ്ഞു. വൈറ്റില പണി തുടങ്ങി. കണ്ടന്നൂർ ഉടൻ തുടങ്ങും. എന്നാൽ ചില തൽപ്പര കക്ഷികൾ ഈ പദ്ധതിക്ക് തുരങ്കം വെയ്ക്കാൻ ശ്രമിച്ചു. ഇപ്പോഴും ശ്രമിച്ചുവരുന്നു. സർക്കാർ |

പദ്ധതിയുമായി മുന്നോട്ട് പോകും. യോഗ്യതയില്ലാത്ത ഒരു കരാറുകാരൻ നിയമ നടപടി വഴി രണ്ടുമാസം തടസ്സപ്പെടുത്തി. കേസ് തള്ളി ഇപ്പോൾ നിർമ്മാണം തുടങ്ങാവുന്ന സ്ഥിതിയിലാണ്.

S. Bindu

സെക്ഷൻ ഓഫീസർ